## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3441** **11.12.2018- ൽ മറുപടിയ്ക്ക്**

## പാലക്കാട് ജില്ലയിൽ കെ.എൽ.യു ലഭിക്കുന്നതിനുള്ള കാലതാമസം

| ചോദ്യം<br>ശ്രീ. മുഹമ്മദ് മുഹസിൻ പി. | | ഉത്തരം<br>ശ്രീ. വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ഈ രണ്ടു വർഷത്തിനകം പാലക്കാട് ജില്ലയിൽ കെ.എൽ.യു വിനായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും, ഇതിൽ എത്ര അപേക്ഷകളിൽ തീരുമാനം എടുത്തിട്ടുണ്ടെന്നും വ്യക്തമാക്കാമോ; | (എ) | ഈ രണ്ടു വർഷത്തിനകം പാലക്കാട് ജില്ലയിൽ കെ.എൽ.യു വിനായി 2501 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ആയതിൽ 985 അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ട്. |
| (ബി) | അപേക്ഷകളിൽ തീരുമാനം എടുക്കുന്നതിനു കാലതാമസം ഉണ്ടെങ്കിൽ അതിനുള്ള കാരണങ്ങൾ വ്യക്തമാക്കാമോ? | (ബി) | കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം 2008-ൽ നിലവിൽ വന്നശേഷം അഞ്ച് സെന്റ്, പത്ത് സെന്റ് തുടങ്ങി ചെറു വിസ്തൃതിയിൽ വീട് വയ്ക്കുന്നതിനായി നെൽവയൽ വാങ്ങി പരിവർത്തനാനുമതിക്കായി അപേക്ഷിക്കുന്നതിനെതിരെ ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച WP(c) 3466/2017 യിലെ വിധിന്യായ -ത്തെ തുടർന്ന് അപ്രകാരമുള്ള അപേക്ഷകൾ പരിഗണിക്കുന്നത് മാറ്റിവയ്ക്കാൻ 21-04-2018-ലെ ജില്ലാതല അധികൃത സമിതി തീരുമാനം എടുത്തതിനാലും, അപേക്ഷകളുടെ ബാഹുല്യവും ആണ് അപേക്ഷകൾ തീർപ്പാക്കുന്നതിന് കാലതാമസം നേരിടുന്നത്. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ